(ബി) ഇല്ല. ഡി.ആർ.ആർ.പി. തയ്യാറാക്കുന്നതിന് CAD consultant, Gujarath എന്ന സ്ഥാപനത്തിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഡി.ആർ.ആർ.പി.-യുടെ കരട് ജില്ലാതലത്തിലുള്ള പദ്ധതി നിർവ്വഹണ ഏജൻസിക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് പഞ്ചായത്ത് തലത്തിൽ പരിശോധന നടത്തിവരുന്നു. പരിശോധനയിൽ ഒട്ടനവധി റോഡുകൾ വിട്ടുപോയതായി കാണുന്നു. ആയത് പരിഹരിച്ചുവരുന്നു. ഉടൻതന്നെ കുറവുകൾ പരിഹരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്.

(സി) 41 കി.മീറ്റർ

മാനദണ്ഡങ്ങൾ

1. ജില്ലയുടെ ഗ്രാമീണ ജനസംഖ്യ മൊത്ത ജനസംഖ്യ അനുപാതം.
2. ദശാബ്ദ വളർച്ചാ നിരക്ക്
3. ഗ്രാമീണ വിസ്തീർണ്ണം
4. പട്ടികജാതി ശതമാനം
5. പട്ടികവർഗ്ഗ ശതമാനം
6. വളർച്ചാ കേന്ദ്രങ്ങളുടെ (growth centre) എണ്ണം.

മിഷൻ 676-ന്റെ ഭാഗമായുള്ള വികസന പദ്ധതികൾ

38 (3321) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷന്റെ കീഴിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാന ആസൂത്രണ ബോർഡുമായി ബന്ധപ്പെട്ട മിഷൻ 676-ൽ 7 പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവ സംബന്ധിച്ച വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) ഇതുസംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഡി) സംസ്ഥാന ആസൂത്രണ ബോർഡുമായി ബന്ധപ്പെട്ട മിഷൻ 676-ൽ ഉൾപ്പെട്ട 7 പദ്ധതികളിൽ 2015-16 വാർഷിക പദ്ധതി മുതൽ പദ്ധതി നിർദ്ദേശങ്ങൾ ഓൺലൈൻ ആയി സംസ്ഥാന ആസൂത്രണബോർഡിൽ സ്വീകരിക്കുക എന്ന പദ്ധതി പൂർത്തീകരിച്ചു. ഇതിനായി പ്രത്യേകം തുക ചെലവഴിച്ചിട്ടില്ല. പദ്ധതി നിരീക്ഷണ സംവിധാനമായ പ്ലാൻ സ്പേസ് വഴിയാണ് ടി പദ്ധതി നടപ്പാക്കിയത്. ടി പദ്ധതി 2014 സെപ്റ്റംബർ 22-ന് ആരംഭിച്ചു. വിവിധ വകുപ്പുകൾക്ക്/ നിർവ്വഹണ ഏജൻസികൾക്ക് പദ്ധതി നിർദ്ദേശങ്ങൾ ഒക്ടോബർ 15 വരെ ഓൺലൈനായി സമർപ്പിക്കുന്നതിന് അവസരം നൽകിയിരുന്നു. ടി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. "ചരിത്രപരമായ വീക്ഷണത്തോടെ കാർഷിക മേഖലയിലെ നൂതന കണ്ടുപിടിത്തങ്ങൾ" എന്ന പദ്ധതിയുടെ ഒന്നാംഘട്ടമായി സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ ജില്ലാടിസ്ഥാനത്തിൽ ലഭ്യമായ കർഷകരുടെ കണ്ടുപിടിത്തങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ മുഖേന ശേഖരിക്കുകയും വിശദമായ അവലോകനങ്ങൾക്കും വിദഗ്ധരുമായുള്ള ചർച്ചകൾക്കും സെമിനാറുകൾക്കും ശേഷം ഉരുത്തിരിഞ്ഞുവന്ന കണ്ടുപടിത്തങ്ങൾ ക്രോഡീകരിക്കുകയുണ്ടായി. പല കണ്ടുപിടിത്തങ്ങളും വർഷങ്ങളുടെ ശ്രമഫലമായി നടത്തിയതും കാർഷിക മേഖലയ്ക്ക് വളരെ പ്രയോജനപ്പെടുന്നവയുമാണ്. ഈ പഠനത്തിന്റെ അടുത്ത ഘട്ടമായി വിവിധ കാലഘട്ടങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന കണ്ടുപിടിത്തങ്ങൾ ക്രോഡീകരിക്കുവാൻ ലക്ഷ്യമിടുന്നു. കൃഷിയിലെ നൂതന രീതികളുടെ ചരിത്രമാനങ്ങൾ, കൃഷിയുടെ ചരിത്രം, കാർഷിക ജൈവ വ്യവസ്ഥാ വികസനം എന്നിവ വിശദമാക്കുന്ന ഒരു രേഖ തയ്യാറാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് വിഭാവനം ചെയ്തിട്ടുണ്ട്. ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികൾ, ഗവേഷകർ, വിദഗ്ധർ എന്നിവരുടെ സഹകരണത്തോടെ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്. പഠനത്തിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഏകോപനത്തിനുമായി ഒരു ഉപദേശക സമിതിക്ക് രൂപം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

"കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ന് "സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഞ്ചവൽസര പദ്ധതിയുമായും വാർഷിക പദ്ധതിയുമായും സംയോജിപ്പിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സർവ്വീസിൽനിന്നും വിരമിച്ചവരുടെ വൈദഗ്ധ്യം സംസ്ഥാനത്തിന്റെ വികസനത്തിന് ഗുണകരമാകുംവിധം ഉപയോഗപ്പെടുത്തുന്നതിന് "കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്സ് ഫോർ ഡെവലപ്മെന്റ്" എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന് മന്ത്രിസഭ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്ലാനിംഗ് വകുപ്പിന്റെ കീഴിലായിരിക്കും കമ്പനി പ്രവർത്തിക്കുക. കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാന ആസൂത്രണ ബോർഡുമായി ബന്ധപ്പെട്ട മിഷൻ 676-ൽപ്പെട്ട ടി പദ്ധതികളുടെ നിർവ്വഹണ പുരോഗതി സർക്കാർ വിലയിരുത്തുന്നുണ്ട്.

സംസ്ഥാന പ്ലാൻ ഫണ്ട് വിനിയോഗം

39 (3323) ശ്രീ. എം. ഹംസ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പ്ലാൻഫണ്ട് ചെലവഴിക്കുന്നതിന് വിവിധ വകുപ്പുകൾക്ക് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വാർഷിക പ്ലാൻ ഇംപ്ലിമെന്റേഷന്റെ പുരോഗതി വിലയിരുത്തുന്നതിന് ഇന്ന് എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുള്ളത് ;

(സി) സംസ്ഥാനത്തെ മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർക്കും, വകുപ്പ് തലവൻമാർക്കും പ്ലാൻ നിർവ്വഹണ പുരോഗതി തത്സമയം അറിയുന്നതിന് എന്തെല്ലാം ആധുനിക സംവിധാനങ്ങൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തെ വിവിധ വകുപ്പുകൾ പ്ലാൻ ഫണ്ട് വിനിയോഗിച്ചതിന്റെ വിശദാംശം 31-10-2014 തീയതി പ്രകാരമുള്ളത് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly